(സി) കേരള യൂണിവേഴ്സിറ്റി ആഡിറ്റിലും ഹൗസിംഗ് ബോർഡ് ആഡിറ്റിലും ജോലി കുടിശ്ശിക ഉണ്ടായിരുന്നില്ല. എന്നാൽ കണ്ണൂർ, കോഴിക്കോട് ജില്ലാആഫീസുകളിൽ ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം അനുസരിച്ച് ആഡിറ്റ് പൂർത്തിയാക്കി മൂന്നു മാസത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ട റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുക എന്ന ഭരണപരമായ ഉത്തരവാദിത്വം നിർവഹിക്കുന്നതിലേക്ക് മേൽപ്പറഞ്ഞ ആഫീസുകളിലെ രണ്ട് ടൈപ്പിസ്റ്റുകളുടെ തസ്തികകൾ കണ്ണൂർ, കോഴിക്കോട് ജില്ലാ ആഫീസുകളിലേക്ക് മാറ്റേണ്ടതായി വന്നിട്ടുണ്ട്.

നഗരസഭയിലെ വാർഷിക കണക്കുകൾ

69 (467) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിലെ വാർഷിക കണക്കുകൾ കരാർ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നത് ആരംഭിച്ചിരുന്നുവോ ; ആരുടെ ഉത്തരവനുസരിച്ചാണ് ഇപ്രകാരം അനുവദിച്ചത് ;

(ബി) കരാർപ്രകാരം നിയോഗിക്കപ്പെടുന്നവർ ഏത് തീയതിക്കുള്ളിൽ പൂർത്തിയാക്കണമെന്നാണ് പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ളത് ;

(സി) പ്രസ്തുത ഉത്തരവിറക്കിയ അധികാരസ്ഥന് കണക്കുകൾ പൂർത്തിയാക്കേണ്ട തീയതി നീട്ടിക്കൊടുക്കാനുള്ള അധികാരം ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ലഭിച്ചിട്ടുള്ളതെന്ന് പറയുമോ ;

(ഡി) 2-12-2000-ലെ ഒരു ഉത്തരവുപ്രകാരം നഗരസഭകളിലെ 1999-2000 വരെയുള്ള വാർഷിക കണക്കുകൾ കരാർ അടിസ്ഥാനത്തിൽ പൂർത്തിയാക്കുന്ന ജോലി ഏത് തീയതിക്ക് മുൻപ് പ്രാവർത്തികമാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത് ;

(ഇ) 1999-2000 വർഷത്തേതുൾപ്പെടെ അതിനുമുമ്പുള്ള ഓരോ വർഷങ്ങളിലെയും നഗരസഭകളുടെ വാർഷിക കണക്ക് ആഡിറ്റ് ആവശ്യത്തിനു വേണ്ടി ബന്ധപ്പെട്ട വർഷം അവസാനിച്ച് എത്ര മാസത്തിനുള്ളിൽ പൂർത്തീകരിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്നാണ് ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ;

(എഫ്) ഈ വ്യവസ്ഥയ്ക്ക് വിപരീതമായി ഇറക്കിയിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെ സാദ്ധ്യത എന്തെന്ന് വിശദീകരിക്കുമോ ;

(ജി) ഈ ഉത്തരവിന് സാദ്ധ്യത ഇല്ലാത്തപക്ഷം 20-12-2000-ലെ ഗവൺമെന്റ് ഉത്തരവിൽ പറഞ്ഞിട്ടുള്ള തീയതി ദീർഘിപ്പിക്കൽ പുനഃപരിശോധിക്കുമോ ; ബന്ധപ്പെട്ട ആക്ടിലെ വ്യവസ്ഥകൾക്ക് വിപരീതമായി നഗരസഭകളുടെ വാർഷിക കണക്ക് പൂർത്തീകരിച്ച് ആഡിറ്റിന് സമർപ്പിക്കുന്ന തീയതി ദീർഘിപ്പിക്കുന്ന നടപടി അവസാനിപ്പിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 31-3-2001-ന് മുമ്പ് പൂർത്തിയാക്കണമെന്നാണ് ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത്.

(സി) കണക്കുകൾ പൂർത്തിയാക്കേണ്ട തീയതി നീട്ടിക്കൊടുത്തിട്ടില്ല. നഗരസഭകളിൽ ഡി.സി.ഡി. കൂടിശ്ശികയുണ്ടെന്ന് കണ്ടതുകൊണ്ടാണ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടുമായി ഇതിന് ബന്ധമില്ല.

(ഡി) 31-3-2001-ന് മുമ്പ്.

(ഇ) 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിലെ സെക്ഷൻ 9(1) പ്രകാരം അതാത് സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനുള്ളിൽ കണക്കുകൾ ആഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

(എഫ്) ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

(ജി) ബാധകമല്ല.

സർക്കാരിന്റെ പുതിയ അബ്കാരി നയം

70 (468) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദേശമദ്യവില്പന പൂർണ്ണമായും സംസ്ഥാന ബിവറേജസ് കോർപ്പറേഷന് കൈമാറുന്നതിനും നിലവിലുള്ള എക്സൈസ് ഡ്യൂട്ടിയിലും വില്പന നികുതിയിലും മാറ്റം വരുത്തിക്കൊണ്ട് പുതിയ അബ്കാരി നയം പ്രഖ്യാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ആവശ്യമുള്ള ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ അളവെത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ ബിവറേജസ് കോർപ്പറേഷന് നൽകാൻ കഴിയുന്ന വിദേശ മദ്യത്തിന്റെ അളവെത്രയാണ് ;

(ഇ) മദ്യവിതരണത്തിന്റെ കുത്തക സംസ്ഥാന ബിവറേജസ് കോർപ്പറേഷന് നൽകിയാൽ ആവശ്യാനുസരണം വിദേശമദ്യം നൽകുവാൻ കോർപ്പറേഷന് കഴിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly